# മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അദ് ലിമിനാ സന്ദർശനം ആരംഭിച്ചു

Click here for detailed news of all items

വത്തിക്കാൻ സിറ്റി: മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മെത്രാൻമാരുടെ അദ് ലിമിനാ സന്ദർശനം തുടങ്ങി. ഇന്നലെ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ സഹായമെത്രാൻ സാമുവൽ മാർ ഐറേനിയോസ്, കൂരിയാ മെത്രാൻ തോമസ് മാർ അന്തോണിയോസ് എന്നിവർ മാർപ ാപ്പായെ പ്രത്യേകം സന്ദർശിച്ചു സഭയുടെ വിവിധ വിഷയങ്ങളും തിരുവനന്തപുരം മേജർ അതിരൂപതയുടെ വിഷയങ്ങളും ചർച്ച ചെയ്തു.

തുടർന്നു തിരുവല്ല ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്, സഹായമെത്രാൻ ഫിലിപ്പോസ് മാർ സ്തെഫാനോസ് എന്നിവർ മാർപാപ്പയെ സന്ദർശിച്ച് തിരുവല്ലാ അതിരൂപ തയുടെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. 27 വരെയുള്ള ദിവസങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മറ്റു രൂപതകളുടെ അധ്യക്ഷന്മാർ മാർപാപ്പയെ സന്ദർശിച്ച് അതാതു ഭദ്രാസനങ്ങളെ സംബന്ധിച്ചുള്ള വിഷയങ്ങൾ ചർച്ചചെയ്യും. കൂടാതെ റോമിലെ വിവിധ കാര്യാലയങ്ങൾ – വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി, പൗരസ്ത്യ തിരുസംഘം, വിശുദ്ധരുടെ നാമകരണത്തിനുവേണ്ടിയുള്ള തിരുസംഘം, സഭൈക്യ തിരുസംഘം, മതാന്തര സംവാദത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ എന്നിവ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ സന്ദർശിച്ച് സഭാപ രവും നൈയാമികവുമായ വിഷയങ്ങൾ മെത്രാപ്പോലീത്തമാർ ചർച്ച ചെയ്യും.

മേജർ ആർച്ചുബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, ആർച്ചിബിഷപ് തോമസ് മാർ കൂറിലോസ്, ബിഷപ്പുമാരായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ്, ജോസഫ് മാർ തോമസ്, തോമസ് മാർ യൗസേബിയോസ്, ജേക്കബ് മാർ ബർണബാസ്, തോമസ് മാർ അന്തോണിയോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തെഫാനോസ് എന്നിവരാണ് അദ്‌ലിമിനാ സന്ദർശനത്തിൽ സംബന്ധിക്കുന്നത്. മുൻ തിരുവല്ലാ ബിഷപ് ഗീവർഗീസ് മാർ തിമോത്തിയോസ് ആരോഗ്യകാരണങ്ങളാൽ സന്ദർശനത്തിൽ പങ്കെടുക്കുന്നില്ല.

ഞായറാഴ്ച റോമിൽ മലങ്കര കത്തോലിക്കാ സഭാസംഗമം നടന്നു. സംഗമത്തിൽ വച്ച് യൂറോപ്പിന്റെ അപ്പസ്തോലിക സന്ദർശകനായി പുതിയതായി ചുമതലയേറ്റ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായ്ക്കു സ്വീകരണം നൽകി. പൗരോഹിത്യ ജൂബിലിയാഘോഷിക്കുന്ന മെത്രാൻമാരെ പ്രത്യേകം അനുമോദിച്ചു.

24നു 11 മണിക്ക് മലങ്കര സുറിയാനി കത്തോലിക്കസഭായുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിനെ മാർപാപ്പ അഭിസംബോധന ചെയ്യും. കാതോലിക്കാബാവാ മലങ്കര സഭയ്ക്കുവേണ്ടി മാർപാപ്പയെ സംബോധനചെയ്യും. തുടർന്നു കാതോലിക്കാബാവായും മറ്റു മെത്രാപ്പോലീത്താമാരും റോമിലെ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ കബറിടം സന്ദർശിച്ചു സമൂഹബലി അർപ്പിക്കും.

25 ന് റോമിലെ സെന്റ് തോമസ് അക്വിനാസ് യൂണിവേഴ്സിറ്റിയിൽ നവസുവിശേഷവത്കരണവും മലങ്കര സുറിയാനി കത്തോലിക്കാസഭയും എന്ന വിഷയത്തെ ആധാരമാക്കി നടക്കുന്ന രാജ്യാന്തര സെമിനാറിൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ സംബന്ധിക്കും.

പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി ആർച്ച്ബിഷപ് സിറിൾ വാസിൽ സെമിനാർ ഉദ്ഘാടനം ചെയ്യുന്നതും മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമീസ്

കാതോലിക്കാബാവാ അനുഗ്രഹപ്രഭാഷണം നടത്തുന്നതുമാണ്. കൂരിയാ മെത്രാൻ തോമസ് മാർ അന്തോണിയോസ് വിഷയാവതരണം നടത്തും.